# Deepika
# 11 July 2018
# Thiruvananthapuram, Heavy Rain

## കനത്ത മഴ തുടരുന്നു

**തിരുവനന്തപുരം:** സംസ്ഥാനത്ത് തുടരുന്ന കനത്ത മഴയിൽ വ്യാപക നാശനഷ്ടം. വയനാട്ടിൽ 469 പേരെ 14 ക്യാമ്പുകളിലായി മാറ്റിപ്പാർപ്പിച്ചു. വയനാട്, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ശക്തമായ മഴ തുടരുകയാണ്. ഈ ജില്ലകളിലെ നദികളിലെ ജലനിരപ്പ് ഉയർന്നിട്ടുണ്ട്.

മലങ്കര ഡാമിന്റെ മൂന്നു ഷട്ടറും ഉയർത്തി. അതിനാൽ തൊടുപുഴ, മൂവാറ്റുപുഴ ആറുകളുടെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചു.

ലോവർ പെരിയാർ, പൊരിങ്ങൽ, നേര്യമംഗലം അണക്കെട്ടുകൾ നിറഞ്ഞതിനെത്തുടർന്ന് ഷട്ടറുകൾ തുറന്നു.

കുറ്റ്യാടി അണക്കെട്ട് 84 ശതമാനം നിറഞ്ഞു. ഇടുക്കി, പമ്പ അണക്കെട്ടുകൾ പകുതിയോളം നിറഞ്ഞിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിലെ അണക്കെട്ടുകൾ പലതും നിറഞ്ഞിട്ടുണ്ട്.

കനത്ത മഴയിൽ എറണാകുളം ജില്ലയുടെ താഴ്ന്ന സ്ഥലങ്ങൾ വെള്ളത്തിലായി.